(14) യുവകർഷകർക്ക് സ്വയംതൊഴിൽ പദ്ധതി

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ യുവാക്കളായ കൃഷിക്കാർക്കു വേണ്ടി ഒരു പദ്ധതി ഇതിനുമുമ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയെന്നു പറയുന്നത് അറുപത് വയസുകഴിഞ്ഞാൽ പെൻഷൻ നൽകുമെന്നുള്ള പദ്ധതിയാണ്. ഇപ്പോൾ 18 വയസിലേ ഈ സ്കീമിൽ ചേർന്നുകഴിഞ്ഞാൽ 60 വയസുവരെ കാത്തിരിക്കണം. അതവിടെ കാത്തിരിക്കാം. ഇപ്പോൾ എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഒരു ലക്ഷത്തിലധികം വരുന്ന യുവാക്കളായ കൃഷിക്കാർ അറുപത് വയസ്സു കഴിഞ്ഞാൽ പെൻഷൻ കിട്ടുമെന്നുള്ള ധാരണയിൽ അവർ വലിയ താൽപ്പര്യപൂർവ്വം ഈ സ്കീമിൽ ചേർന്നതാണ്. അറുപത് വയസുവരെ കാത്തിരിക്കാൻ പ്രയാസമുണ്ട്. ഞാൻ മനസ്സിലാക്കുന്നത്, ഒരു ലക്ഷത്തിലധികം യുവാക്കളായ കൃഷിക്കാർ ഇതിൽ ചേർന്നിട്ടുണ്ട്. അങ്ങനെ ഇരുപത് കോടിയോളം രൂപ ഗവൺമെന്റിന്റെ കൈവശമുണ്ട്. ഈ സ്കീം ഫലപ്രദമായി നടപ്പാക്കണം. അതിനുവേണ്ടി ഒരു സ്വയം തൊഴിൽ പദ്ധതിയോ സ്കീമോ ഗവൺമെന്റ് തയ്യാറാക്കണമെന്നാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഓരോ പഞ്ചായത്തിലും മിനിമം കൃഷിസ്ഥലമുള്ള യുവാക്കളായ കൃഷിക്കാരെ ഈ സ്കീമിനുവേണ്ടി തെരഞ്ഞെടുക്കണം. അവർക്ക് അരയേക്കർ സ്ഥലം കൈവശമുണ്ടെങ്കിൽ വിത്തും നടീൽ വസ്തുക്കളും കൃഷി ചെയ്യുന്നതിന് സൗജന്യമായി നൽകണം. അതുപോലെതന്നെ സീഡ്സ് നടീൽവസ്തുക്കൾ എന്നിവ കൃഷിചെയ്യുന്നതിനും അലങ്കാരചെടികൾ അലങ്കാര മത്സ്യങ്ങൾ എന്നിവ വളർത്തുന്നതിനും നാടൻ കീടനാശിനികൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകിയാൽ ഇവർ സ്വയം തൊഴിൽ കണ്ടെത്തും. ഈ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന വിത്ത് കൃഷിവകുപ്പ് വാങ്ങുന്നതിനും അതിന്റെ ക്വാളിറ്റി ഉറപ്പാക്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാകണം. ഇവർക്ക് അതിനുവേണ്ട ചില സഹായങ്ങൾ നൽകണം. ഇവർക്ക് മോട്ടോർ പമ്പ് നൽകണം, അതിന് ചെറിയ ഒരു സബ്സിഡി നൽകണം. ഈ രൂപത്തിൽ ഒരു സ്കീം ഉണ്ടാക്കിക്കഴിഞ്ഞാൽ കൃഷിക്കാർക്ക് വളരെ സഹായകരമായിരിക്കും. അതുപോലെ ഓരോ വർഷവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന കൃഷിക്കാർക്ക് ആയിരമോ, രണ്ടായിരമോ രൂപ പ്രത്യേക സഹായമായി നൽകാൻ തയ്യാറാവണം. അതുപോലെ ഈ സ്കീമിൽ ചേർന്നിട്ടുള്ള എല്ലാ കൃഷിക്കാരെയും ഇൻഷ്വറൻസ് കവറേജിൽ കൊണ്ടുവരാൻ കഴിയണം. അങ്ങനെ ഈ ഒരു ലക്ഷത്തോളം വരുന്ന യുവജനങ്ങളായ കർഷകർക്കുവേണ്ടി ഒരു സ്വയംതൊഴിൽ പദ്ധതി കണ്ടെത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ഗവൺമെന്റിന് ഇതിൽ വലിയ ബാദ്ധ്യതയൊന്നുമില്ല. ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ചില സഹായങ്ങൾ ചെയ്തു കൊടുത്താൽ മതി. ചെറുപ്പക്കാരായ കൃഷിക്കാർക്ക് കൃഷിയിൽ കൂടുതൽ താൽപ്പര്യം ഉണ്ടാക്കാൻ കഴിയും. ഗവൺമെന്റ് ഇത് സജീവമായി പരിഗണിക്കണമെന്നും കർഷക സംഘടനകളുമായി ഈ വിഷയം ചർച്ച ചെയ്യണമെന്നുമുള്ള ഒരു പ്രൊപ്പോസൽ അഖിലേന്ത്യാ കിസാൻ സഭ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. കർഷകസംഘടനകളും ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ഇത് കർഷക സംഘടനകളുമായി അടിയന്തിരമായി ചർച്ചചെയ്യണമെന്ന് ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ജാഥ നടത്തിയതിന് ഗുണമുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഈ സ്കീമിൽ 104213 യുവകർഷകരാണ് അംഗങ്ങളായിട്ടുള്ളത്. ആയിരം രൂപയാണ് ഇതിൽ അംഗം ആകുന്നതിന് ഈ യുവകർഷകരിൽനിന്ന് വാങ്ങുന്നത്. 100 രൂപ രജിസ്ട്രേഷൻ ഫീസ്. സർ, ഇപ്പോൾ പത്തൊൻപത് കോടി നാൽപ്പത്തിയെട്ടുലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി നാൽപത്തിയൊൻപത് രൂപ ട്രഷറിയിൽ ഉണ്ട്. ഇവർക്ക് അറുപത് വയസ്സാകുമ്പോൾ മുപ്പതിനായിരം രൂപ മുതൽ അറുപതിനായിരം രൂപവരെ ഗ്രാറ്റുവിറ്റിയായിട്ട് കൊടുക്കണം. പിന്നെ പ്രതിമാസം ആയിരം രൂപ പെൻഷൻ കൊടുക്കണം. ഇതിൽ അംഗമായവർ ആയവർ മരണപ്പെടുകയാണെങ്കിൽ ഇരുപത്തിഅയ്യായിരം മുതൽ ഒരു ലക്ഷംവരെ ആ കുടുംബത്തിന് നഷ്ടപരിഹാരം കൊടുക്കണം. വർഷങ്ങൾ കഴിഞ്ഞട്ടാണ് ഈ സ്കിം നടപ്പിലാക്കേണ്ടിവരിക യെന്നുള്ളതുകൊണ്ട് നമുക്ക് ഒരു പ്രശ്നവുമില്ല. 2034-ലോ 2035-ലോ വരുന്ന സ്റ്റേറ്റ് ഗവൺമെന്റുകൾ അതിന്റെ ബാദ്ധ്യത പരിശോധിക്കും എന്നുള്ളതുകൊണ്ട് ഒരു ബാദ്ധ്യതയും ഇപ്പോഴില്ല. 2034-ൽ എന്റെ സുഹൃത്ത് ശ്രീ. കെ.സി. ജോസഫ് ആണ് ഇത് നടപ്പിലാക്കേണ്ടതായിട്ട് വരികയെങ്കിൽ ഒരു പ്രശ്നവുമില്ല അദ്ദേഹം അത് നടപ്പിലാക്കുന്നതിൽ ഒരു വിരോധവുമില്ല, അതിന് സഹായകരമായ രീതിയിൽ ഈ പണം സ്വരൂപിച്ച് അങ്ങയെ ഏൽപിക്കാവുന്ന രീതിയിൽ ഇത് ചെയ്യാം. എന്നാൽ ഇതിന്റെ പേരിൽതന്നെ നമ്മുടെ ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലും പുതുതായി സൃഷ്ടിച്ച തസ്തികകളിൽ പണിയെടുക്കുന്നവർക്ക് ഒരു വർഷം 70 ലക്ഷത്തിലധികം രൂപ ശമ്പളമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ സ്കീമിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയ ഒരു സ്കീമാണ്. ഈ സ്കീമിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ഈ സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ സ്കീമിൽ അംഗമായിട്ടുള്ളവർ സ്വയം തൊഴിൽ ചെയ്യാൻ തയ്യാറായിട്ട് വരികയാണെങ്കിൽ അവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ സീഡ് ഉൽപാദനവുമായി ബന്ധപ്പെടുത്തികൊണ്ട് ഇതിൽ അംഗമായിട്ടുള്ളവർക്ക് ആ സ്ഥലത്ത് സീഡ് ഉൽപ്പാദനത്തിന് വേണ്ടിയിട്ട് സാമ്പത്തിക സഹായം കൊടുക്കാനും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

(15) മഞ്ചേരി മണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ കഴിഞ്ഞ വർഷമുണ്ടായ ഉരുൾപൊട്ടലും കാലവർഷക്കെടുതിയുംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിൽ കഴിഞ്ഞ വർഷമുണ്ടായ ഉരുൾപ്പൊട്ടലിലും കാലവർഷക്കെടുതിയിലും കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് ആശ്വാസം നൽകാൻ കഴിയാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ ഈ കാര്യം എനിക്കു പറയേണ്ടിവന്നത്. ധാരാളം കുടിയേറ്റ കർഷകർ

LIBRARY ARCHIVES Kerala Legislative Assembly